# മൂലകോശ ദാന സന്നദ്ധതയുമായി എൻജിനീയറിങ് വിദ്യാർഥികൾ

കോതമംഗലം: മൂലകോശം മാറ്റിവയ്ക്കലിലൂടെ മാത്രം രോഗമുക്തി സാധ്യമാകുന്ന ലുക്കിമിയ, താലസീമിയ തുടങ്ങിയ രക്തസംബന്ധമായ മാരക രോഗങ്ങൾക്ക് മൂലകോശം ദാനം ചെയ്യാൻ സന്നദ്ധരായി അറുനൂറോളം എൻജിനീയറിങ് വിദ്യാർഥികൾ.

നെല്ലിമറ്റം എംബിറ്റ്സ് എൻജിനീയറിങ് കോളജ് എൻ.എസ്.എസ്. യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ സ്റ്റം സെൽ ഡോണർ ക്യാമ്പിലാണ് ഇത്രയും വിദ്യാർഥികൾ തങ്ങളുടെ മൂലകോശം മറ്റുള്ളവർക്ക് അനുയോജ്യമാണോ എന്നറിയാനുള്ള പരിശോധനയ്ക്ക് എത്തിയത്. ചുരുക്കം വ്യക്തികളുടെ മൂലകോശങ്ങളാണ് രോഗികൾക്ക് ചേരാറുള്ളത് എന്നതിനാൽ ദാതാക്കളെ ലഭിക്കുക പൊതുവെ ബുദ്ധിമുട്ടാണെന്നിരിക്കെ പുതുതലമുറ കരുണയുടെ വാതിലുകൾ തുറന്നിട്ടെത്തിയത് ശ്രദ്ധേയമായി.



■ *നെല്ലിമറ്റം എംബിറ്റ്സ് എൻജിനീയറിങ് കോളജിൽ നടന്ന സ്റ്റം സെൽ ഡോണർ ക്യാമ്പിൽ പ്രിൻസിപ്പൽ ഡോ. എം.എം. പൗലോസ് പ്രസംഗിക്കുന്നു.*

കോളജ് സെക്രട്ടറി ജോൺസൺ കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഡോ. എം.എം. പൗലോസ് അധ്യക്ഷത വഹിച്ചു. എബി സാം ജോൺ, പ്രോഗ്രാം ഓഫീസർ ചേതന്റോയി, വോളന്റിയർ സെക്രട്ടറി പി.ഡി. ചിഞ്ചു എന്നിവർ പ്രസംഗിച്ചു.